# ക്ഷമാശീലരാകുവിൻ

## കൊലൊസ്സ്യർ 3:13–14

"കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ. എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ."

വചനം പറയുന്നു "അതുകൊണ്ട് ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ട് അന്യോന്യം പൊറുക്കുകയും ഒരുവനോട് ഒരുവന് വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്‌വിൻ." ദൈവമക്കൾ എന്ന് അവകാശപ്പെടുന്ന നമ്മൾ ഒരു നിമിഷം നമ്മെ തന്നെ ഒന്നു ശോധന ചെയ്തു നോക്കേണ്ടുന്ന ഒരു വചനഭാഗമാണിത്. ഈ ലോകം വെട്ടിപിടിക്കാൻ ശ്രമിക്കുന്ന ജനതക്കിടയിലാണ് നാം ഇന്ന് ജീവിക്കുന്നത്. അതിനിടയിൽ പരസ്പരം സ്നേഹിക്കാനോ കരുതാനോ പലരും സമയം കണ്ടെത്തുന്നില്ല. പരസ്പരമുള്ള സ്നേഹവും കരുതലും, ഞാനും എന്റെ കുടുംബവും എന്ന സ്വാർത്ഥ താൽപര്യത്തിലേക്ക് ചുരുങ്ങിപ്പോകുന്നുണ്ടോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ കർത്താവ് നമ്മോട് ക്ഷമിച്ചത് എങ്ങനെ എന്ന് ഒരു നിമിഷം ചിന്തിച്ചു നോക്കാം. പദവിയും പത്രാസും നോക്കിയല്ല കർത്താവ് നമ്മോട് ക്ഷമിച്ചത്. പാപത്തിന്റെ പടുകുഴിയിൽ നിന്നും നമ്മെ വീണ്ടെടുക്കാൻ കാൽവറിയിൽ യാഗമായി തീർന്നാണ് നമ്മെ അവൻ സ്നേഹിച്ചത്. ആ കർത്താവായ യേശു ക്രിസ്തുവിന്റെ മഹൽസ്നേഹത്തെ രുചിച്ചറിഞ്ഞ് സ്നേഹിക്കാൻ നമ്മളിൽ എത്രപേർക്ക് കഴിയുന്നുണ്ട്. ദൈവസന്നിധിയിൽ നാം എത്രനേരം ഇരിക്കുന്നു. നമ്മൾ അർഹിക്കുന്നതിനും അപ്പുറമായ് അനുഗ്രഹങ്ങൾ നൽകിയ കർത്താവിന്റെ സ്നേഹത്തിന് നാം എത്ര നന്ദി പറഞ്ഞാലും മതിയാവില്ല.

പണത്തിന്റെയും സ്വാർത്ഥ താൽപര്യങ്ങളുടെയും പേരിൽ പരസ്പരം പഴിചാരിയും കുറ്റം പറഞ്ഞുമാണ് നമ്മിൽ പലരും ഇന്നു ജീവിക്കുന്നത്. ഒരുവനോട് വഴക്കുണ്ടായാൽ അത് ക്ഷമിച്ച് അവനെ ചേർത്തുപിടിക്കാൻ നമുക്കിന്ന് കഴിയുന്നുണ്ടോ? തന്നെ ക്രൂശിൽ തറച്ചപ്പോൾ ക്രിസ്തു പിതാവിനോട് ഇങ്ങനെ പ്രാർത്ഥിച്ചു "പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ." അറിഞ്ഞോ അറിയാതെയോ നമ്മളും മറ്റുള്ളവരോട് തെറ്റുകൾ ചെയ്തിട്ടുണ്ട്. നാം അവയെ ഓർത്ത് ക്ഷമ ചോദിക്കുമ്പോൾ അവർ നമ്മോട് ക്ഷമിക്കണമെന്നും നാം ആഗ്രഹിക്കുന്നു. നമ്മുടെ തെറ്റുകളെ ക്ഷമിച്ചു കിട്ടണമെങ്കിൽ നാമും കർത്താവ് കാട്ടിത്തന്ന മാതൃക പിന്തുടരണം. ദൈവസ്നേഹം ധരിച്ചുകൊണ്ട് മറ്റുള്ളവരെ കരുതാനും സ്നേഹിക്കാനും നമുക്ക്

സാധിക്കണം. നാം ഒരു സാധുവിനെ കരുതുമ്പോൾ ഒരു നേരത്തെ ആഹാരം അവനു നൽകുമ്പോൾ അത് കർത്താവിനു ചെയ്തതുപോലെ ആകുന്നു.

വചനത്തിൽ പറയുന്നു "വിദ്വേഷത്തിന്റെ വേർ വളർന്നു ഉപദ്രവം ചെയ്യാതിരിപ്പാൻ സൂക്ഷിക്കുവിൻ." (എബ്രായർ 12:15-16) വിദ്വേഷത്തിന്റെ വേര് അല്ല നമ്മിൽ വളരേണ്ടത് മറിച്ച് കർത്താവിനെ പോലെ സ്നേഹിക്കാനും ക്ഷമിക്കാനും കഴിയണം. ഈ ലോകത്തിന്റെ അനുരൂപരാകാതെ താഴ്മയും സ്നേഹവും കരുണയും നിറഞ്ഞ ജീവിതം നയിപ്പാൻ നമുക്ക് സാധ്യമാവണം. അപ്പോഴേ ഒരു വ്യക്തി യഥാർത്ഥ ദൈവപൈതൽ ആകുന്നുള്ളൂ. പാഴ്വാക്കുകൾ കൊണ്ടല്ല മനസ്സുകൊണ്ട് ക്ഷമിക്കാനും വചനത്തെ മുറുകെപ്പിടിച്ചുകൊണ്ട് ദൈവസ്നേഹത്തിൽ നിറഞ്ഞ് ദൈവീക സമാധാനം അനുഭവിക്കാൻ നമുക്ക് കഴിയട്ടെ. ആ ദൈവീക സമാധാനത്തിലേക്ക് നമ്മുടെ സ്നേഹിതരെക്കൂടി ചേർക്കാൻ നമുക്ക് കഴിയുമ്പോൾ നാം യഥർത്ഥ ദൈവമക്കളായി തീരുന്നു. സ്വർഗ്ഗസ്ഥനായ പിതാവേ ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ എന്നു പ്രാർത്ഥിക്കാം. കർത്താവ് നമ്മെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചതുപോലെ ചെയ്വാൻ നമുക്ക് കഴിയട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

**യോഹന്നാൻ 13:34**

നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കൽപന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ

## സിസ്റ്റർ റീനു ജെയിംസ് കങ്ങഴ 004